ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 26.03.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) **രാജ്യത്ത് ലോക്സഭാ തെരഞ്ഞെടുപ്പ് മുന്നൊരുക്കം പുരോഗമിക്കുന്നു. ഒന്നാംഘട്ടത്തിന് നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി നാളെ  അവസാനിക്കും.**

**Lok Sabha Poll preparations are underway in various states of the nation. Last date for filing nomination for the first phase election is ends in tomorrow.**

2) **കേരളത്തിൽ ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം മറ്റന്നാൾ. പ്രചാരണം സജീവമാക്കി മുന്നണികൾ.**

**Notification for LS election in Kerala will be issued on Thursday.  Election campaigns are in progress.**

3). **ഗസയിൽ അടിയന്തര വെടിനിർത്തലിന് ആഹ്വാനം ചെയ്ത് ഐക്യരാഷ്ട്ര സുരക്ഷാസമിതി. വിയോജിച്ച് ഇസ്രയേൽ.**

**UN Security Council calls for an immediate ceasefire in Gaza; Israel marks disagreement**

4). **സിംഗപ്പൂരിന്റെ അനുകൂല നിലപാട് ഉഭയകക്ഷി സഹകരണത്തിന് ശക്തി പകരുന്നതായി കേന്ദ്രമന്ത്രി എസ് ജയ് ശങ്കർ.**

**Singapore's positive attitude  have always been a source of strength for bilateral ties says union Minister S. Jaishankar.**

5). **കേരളത്തിൽ ചൂട് കൂടുന്നു. 9 ജില്ലകളിൽ മഞ്ഞ ജാഗ്രത.**

**Temperature increases in Kerala; yellow alert in 9 districts.**

6). **ഇന്ത്യ - അഫ്ഗാനിസ്ഥാൻ ഫിഫ ലോകകപ്പ് യോഗ്യത  മത്സരം ഇന്ന്  രാത്രി ഗുവാഹത്തിയിൽ.**

**India Face Afghanistan In FIFA world cup 2026 Qualifiers In Guwahati today**

*********************************************

## ELECTION

ഒന്നാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിലേക്ക് നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും.

17 സംസ്ഥാനങ്ങളിലെയും നാല് കേന്ദ്രഭരണ പ്രദേശങ്ങളിലെയും 102 ലോക്സഭാ മണ്ഡലങ്ങളിലാണ് ഏപ്രിൽ-19 ന് ആദ്യഘട്ടത്തിൽ വോട്ടെടുപ്പ്. പത്രികകളുടെ സൂക്ഷ്മ പരിശോധന ഈ മാസം 28 ന് നടക്കും. അതേസമയം, ഒന്നാംഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്ന ബിഹാറിലെ നാല് മണ്ഡലങ്ങളിൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ വ്യാഴാഴ്ച വരെ സമയമുണ്ട്. രണ്ടാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യാഴാഴ്ച പുറപ്പെടുവിക്കും. കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങളിലെയും ജമ്മു കശ്മീരിലെയും 89 മണ്ഡലങ്ങളിലാണ് ഏപ്രിൽ 26 ന് രണ്ടാംഘട്ടത്തിൽ വോട്ടെടുപ്പ്.

*******************************************

## ELECTION – KERALA

മറ്റന്നാൾ വിജ്ഞാപനം പുറപ്പെടുവിക്കുന്നതോടെ കേരളത്തിൽ പ്രചാരണം കൂടുതൽ ശക്തമാകും. മത്സര ചിത്രം വ്യക്തമായതോടെ പരമാവധി വോട്ടർമാരെ കാണാനുള്ള ശ്രമത്തിലാണ് സ്ഥാനാർത്ഥികൾ. സമൂഹ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണവും സജീവമായി. പൊതുയോഗങ്ങളിൽ പങ്കെടുക്കാൻ പ്രമുഖ നേതാക്കൾ കൂടി എത്തുന്നത്തോടെ അടുത്ത ആഴ്ച പ്രചാരണം കൊഴുക്കും.

*******************************************

## YUVA VOTER

കേരളത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയിൽ യുവ വോട്ടർമാരുടെ എണ്ണത്തിൽ വലിയ വർദ്ധന. കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ച ഒക്ടോബർ 27 ന് ശേഷം മൂന്ന് ലക്ഷത്തി 11,805 വോട്ടർമാരാണ് പുതുതായി ചേർന്നത്. തിങ്കളാഴ്ച വരെയുള്ള

കണക്കനുസരിച്ച് മൂന്ന് ലക്ഷത്തി 88,981 യുവ വോട്ടർമാരാണ് സംസ്ഥാനത്തുള്ളത്. ലോക്സഭാ തെരഞ്ഞെടുപ്പിലെ കന്നി വോട്ടർമാർ കൂടിയാണ് ഇവർ. ഹ്രസ്വകാലയളവിനുള്ളിൽ യുവ വോട്ടർമാരുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധന ശരാശരി അടിസ്ഥാനത്തിൽ രാജ്യത്തുതന്നെ ഒന്നാമതാണ്.

***************************************************

**SUVIDHA**

ലോക്സഭ തിരഞ്ഞെടുപ്പുമായി ബന്ധപെട്ട എല്ലാ തരത്തിലുള്ള അനുമതികൾക്കും തിരഞ്ഞെടുപ്പ് കമ്മിഷൻ വെബ്സൈറ്റായ സുവിധയിലൂടെ അപേക്ഷിക്കാം. സ്ഥാനാർഥികൾ, സ്ഥാനാർഥി പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, തിരഞ്ഞെടുപ്പ് ഏജന്റുമാർ, മറ്റുള്ളവർ എന്നിവർക്ക് വിവിധ ആവശ്യങ്ങൾക്കായി ഇതിലൂടെ അപേക്ഷിക്കാവുന്നതാണ്. യോഗങ്ങൾ, ജാഥകൾ നടത്തുന്നതിനുള്ള അനുവാദം, ഉച്ചഭാഷിണിക്കുള്ള അനുമതി, വീഡിയോ വാൻ ഉപയോഗിക്കുന്നതിന് അനുമതി, വാഹനങ്ങൾക്കുള്ള അനുമതി എന്നിങ്ങനെ 27 ഇനങ്ങൾക്കുള്ള അനുമതിക്ക് അപേക്ഷിക്കാൻ സൗകര്യമുണ്ട്.

***************************************************

**POSTAL BALLET**

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് ദിവസം ഡ്യൂട്ടിയിലുള്ളതിനാൽ പോളിംഗ് ബൂത്തിലെത്തി വോട്ട് ചെയ്യാൻ സാധിക്കാത്ത മാധ്യമപ്രവർത്തകർക്ക് പോസ്റ്റൽ ബാലറ്റ് സൗകര്യം ലഭ്യമാകുന്നതിനായി നിശ്ചിത ഫോർമാറ്റിൽ അപേക്ഷിക്കാം. വോട്ടുള്ള ലോക്സഭാ മണ്ഡലത്തിലെ അസിസ്റ്റൻറ് റിട്ടേണിംഗ് ഓഫീസർക്ക് ഫോം 12 D യിൽ വിവരങ്ങൾ പൂരിപ്പിച്ച് നൽകാവുന്നതാണ്.

***************************************************

**KARNATAKA**

കർണാടകയിൽ, കെആർപിപി നേതാവ് ജി ജനാർദ്ദന റെഡ്ഡി സ്വന്തം പാർട്ടിയെ ബിജെപിയിൽ ലയിപ്പിച്ചു. ഭാര്യ അരുണ ലക്ഷ്മിയോടൊപ്പം അദ്ദേഹം പാർട്ടിയിൽ തിരിച്ചെത്തിയത്. ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായാണ് നീക്കം. ബിഎസ് യെദ്യൂരപ്പ, സംസ്ഥാന ബിജെപി അധ്യക്ഷൻ ബി വൈ വിജയേന്ദ്ര എന്നിവരുടെ സാന്നിധ്യത്തിലാണ് ഇരുവരും പാർട്ടിയിൽ ചേർന്നത്.

*********************************************

**NT. UNSC-GAZA**

ഗസയിൽ അടിയന്തര വെടിനിർത്തലിന് ഐക്യരാഷ്ട്ര രക്ഷാസമിതി ആഹ്വാനം ചെയ്തു. അമേരിക്ക പ്രമേയം വീറ്റോ ചെയ്തില്ല. ബന്ദികളെ ഉടൻ നിരുപാധികം മോചിപ്പിക്കണമെന്നും പ്രമേയം ആവശ്യപ്പെട്ടു. ഒക്ടോബറിൽ ഏറ്റുമുട്ടൽ ആരംഭിച്ചതിന് ശേഷം ആദ്യമായാണ് രക്ഷാസമിതി വെടിനിർത്തലിന് ആഹ്വാനം ചെയ്യുന്നത്. ഗസയിൽ ഇസ്രയേൽ നടത്തുന്ന ആക്രമണത്തെച്ചൊല്ലി അമേരിക്കയും ഇസ്രായേലും തമ്മിലുള്ള ഭിന്നത വർദ്ധിക്കുന്നതിൻ്റെ സൂചനയാണ് അമേരിക്കയുടെ ഈ നീക്കം. ബന്ദികളുടെ മോചനവുമായി ബന്ധപ്പെട്ട മുൻ നിലപാട് യു.എസ് ഉപേക്ഷിച്ചുവെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവിൻ്റെ പ്രസ്താവന വ്യക്തമാക്കുന്നു. പുതിയ പ്രമേയം അമേരിക്ക വീറ്റോ ചെയ്യാത്തത് ഖേദകരമെന്നും പ്രസ്താവനയിലുണ്ട്. ബന്ദികളെ മോചിപ്പിക്കാതെ, ഇസ്രയേലിനുമേൽ അന്താരാഷ്ട്ര സമ്മർദ്ദം ചെലുത്തി വെടിനിർത്തൽ നടത്താൻ കഴിയുമെന്ന് ഹമാസിന് പ്രതീക്ഷ നൽകുമെന്നും മോചനശ്രമങ്ങളെ ഇത് ദോഷകരമായി ബാധിക്കുമെന്നുമാണ് ഇസ്രായേൽ നിലപാട്. ഈയാഴ്ച വാഷിംഗ്ടണിൽ നടക്കാനിരുന്ന ഇസ്രായേലി പ്രതിനിധി സംഘവും യു.എസ് ഉദ്യോഗസ്ഥരും തമ്മിലുള്ള

കൂടിക്കാഴ്ച റദ്ദാക്കി. ബന്ദികളെ മോചിപ്പിക്കാതെ യുദ്ധം അവസാനിപ്പിക്കില്ലെന്ന് ഇസ്രായേൽ പ്രതിരോധ മന്ത്രി പറഞ്ഞു.

*******************************************

**JAISHANKAR – SINGAPORE**

വിദേശകാര്യ മന്ത്രി എസ് ജയശങ്കർ സിംഗപ്പൂർ പ്രധാനമന്ത്രി ലീ സിയാൻ ലൂംഗിനെ സന്ദർശിച്ചു. ഇന്തോ-പസഫിക്, പശ്ചിമേഷ്യ മേഖലയിലെ വിവിധ വിഷയങ്ങളിലെ കാഴ്ചപ്പാടുകൾ കൂടിക്കാഴ്ചയിൽ ഇരു നേതാക്കളും പങ്കുവെച്ചു. സിംഗപ്പൂരിന്റെ അനുകൂല നിലപാടുകൾ ഉഭയകക്ഷി ബന്ധത്തിന് കരുത്ത് പകരുന്നതായിവിദേശകാര്യ മന്ത്രി പറഞ്ഞു. സിംഗപ്പൂർ പ്രധാനമന്ത്രിയുടെ ആഗോള കാഴ്ചപ്പാടുകളെ ഇന്ത്യ വിലമതിക്കുന്നുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

മൂന്ന് ദിവസത്തെ സന്ദർശനത്തിനായാണ് ഡോ. ജയ്ശങ്കർ സിംഗപ്പൂരിലെത്തിയത്.

*******************************************

**IMD – FORECAST**

അരുണാചൽ പ്രദേശ്, അസം, മേഘാലയ, സിക്കിം, ഹിമാലയൻ പർവത മേഖല എന്നിവിടങ്ങളിൽ മഴയും ഇടിമിന്നലും തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വെള്ളിയാഴ്ച വരെ മഞ്ഞുവീഴ്ച ഉണ്ടാകും. വടക്കുപടിഞ്ഞാറൻ ഇന്ത്യയിൽ താപനില ഉയരും. കേരളം, രാജസ്ഥാൻ, മധ്യപ്രദേശ്, ഗുജറാത്ത്, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, തെലങ്കാന, കർണാടക,തമിഴ്നാട് എന്നിവിടങ്ങളിൽ താപനില 36 മുതൽ 40 ഡിഗ്രി സെൽഷ്യസ് വരെയാണ്.

*******************************************

**CLIMATE – KERALA**

കേരളത്തിൽ ചൂട് കൂടുന്നു. ഉയർന്ന താപനില കണക്കിലെടുത്ത് വിവിധ ജില്ലകളിൽ വെള്ളിയാഴ്ച വരെ മഞ്ഞ ജാഗ്രതാ നിർദേശമുണ്ട്. കൊല്ലം,തൃശൂർ, പാലക്കാട് ജില്ലകളിൽ 39 ഡിഗ്രി വരെയും, പത്തനംതിട്ടയിൽ 38 വരെയും, ആലപ്പുഴ, കോട്ടയം,

എറണാകുളം, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ 37 വരെയും, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ 36 വരെയും താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു .
*********************************************

**SABARIMALA**

മീനമാസ പൂജയ്ക്കും പൈങ്കുനി ഉത്രം ഉത്സവത്തിനും സമാപനം കുറിച്ച് ശബരിമല നട ഇന്നലെ അടച്ചു. 13 ദിവസമായി തുറന്നിരുന്ന ക്ഷേത്ര നട ഇന്നലെ രാത്രി 10 മണിക്കാണ് പൂജകൾ പൂർത്തിയാക്കി അടച്ചത്. മേടമാസ - വിഷു പൂജകൾക്കായി ക്ഷേത്രനട ഏപ്രിൽ 10 ന് വൈകുന്നേരം അഞ്ചിന് തുറക്കും.
*********************************************

**FIFA- (INTRO)**

ഇന്ത്യ - അഫ്ഗാനിസ്ഥാൻ ഫിഫ ലോകകപ്പ് യോഗ്യത മത്സരം ഇന്ന് . ഗുവാഹത്തിയിൽ രാത്രി 7-നാണ് പോരാട്ടം.
സൗദിയിൽ നടന്ന ആദ്യ മത്സരം ഗോൾ രഹിത സമനിലയിലാണ് അവസാനിച്ചത്.

**വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി**

**സുരേഷ് എടപ്പാൾ.......**

**(VOICE.......)**

*********************************************

**NT IPL**

ഐപിഎൽ ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, പഞ്ചാബ് കിംഗ്സിനെ നാല് വിക്കറ്റിന് പരാജയപ്പെടുത്തി. പഞ്ചാബ് ഉയർത്തിയ 177 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ബെംഗളൂരു നാല് പന്ത് ശേഷിക്കേ ആറ് വിക്കറ്റ് നഷ്ടത്തിൽ 178 റൺസെടുത്തു. 77 റൺസുമായി വിരാട് കോഹ്ലിയാണ് കളിയിലെ താരം. നിശ്ചിത 20 ഓവറിൽ പഞ്ചാബ് കിങ്സ് ആറ് വിക്കറ്റ് നഷ്ടത്തിൽ 176 റൺസെടുത്തു. 45 റൺസ് നേടിയ ക്യാപ്റ്റൻ ശിഖർ ധവാനാണ് ടോപ് സ്കോറർ. ഇന്നത്തെ മത്സരത്തിൽ ഗുജറാത്ത്

ടൈറ്റൻസുമായി ചെന്നൈ സൂപ്പർ കിംഗ്സ്

ഏറ്റുമുട്ടും. ചെന്നൈയിലെ എം എ ചിദംബരം സ്റ്റേഡിയത്തിൽ രാത്രി 7.30നാണ് മത്സരം.

*******************************************

**UJJAIN FIRE PROBE**

ഉജ്ജയിനിലെ മഹാകാലേശ്വർ ക്ഷേത്രത്തിലുണ്ടായ തീപിടിത്തത്തെ കുറിച്ച് മജിസ്ട്രേറ്റ് തല അന്വേഷണത്തിന് മധ്യപ്രദേശ് മുഖ്യമന്ത്രി മോഹൻ യാദവ് ഉത്തരവിട്ടു. പരിക്കേറ്റ എല്ലാവരുടെയും

ആരോഗ്യനില തൃപ്തികരമാണെന്നും അവർക്ക് വേണ്ട പരിചരണം സർക്കാർ ഉറപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു. ദുരന്തത്തിനിരയായ ഓരോരുത്തർക്കും സംസ്ഥാന സർക്കാർ ഒരു ലക്ഷം രൂപ

വീതം നൽകും. പ്രധാനമന്ത്രി, ആഭ്യന്തര മന്ത്രി, രാഷ്ട്രപതി

എന്നിവരുമായി ഫോണിൽ സംസാരിച്ചതായും അദ്ദേഹം പറഞ്ഞു.

*******************************************

**ICG - RESCUE**

കടലിൽ മുങ്ങിയ മത്സ്യബന്ധന ബോട്ടിൽ നിന്ന് അഞ്ച് മത്സ്യത്തൊഴിലാളികളെ തീര സംരക്ഷണ സേന രക്ഷപ്പെടുത്തി. പോർബന്തറിൽനിന്ന് ഏകദേശം 50 കിലോമീറ്റർ

അകലെയാണ് ബോട്ട് മുങ്ങിയത്.

*******************************************

**DRI-ARREST**

മുംബൈ അന്താരാഷ്ട്ര വിമാനത്താവളത്തിൽ, 19 കോടി

രൂപയിലേറെ രൂപ വിലമതിക്കുന്ന കൊക്കെയ്നുമായി

എത്തിയ സിയറ ലിയോൺ സ്വദേശിനിയെ ഡയറക്ടറേറ്റ് ഓഫ്

റവന്യൂ ഇൻ്റലിജൻസ് അറസ്റ്റ് ചെയ്തു. രഹസ്യവിവരം

ലഭിച്ചതിനെ തുടർന്നാണ്, നെയ്റോബിയിൽ നിന്ന്

മുംബൈയിലെത്തിയ യുവതിയെ കസ്റ്റഡിയിലെടുത്തത്.

*******************************************

*****************************************************************